# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2390** 19.03.2015 - ൽ മറുപടിയ്ക്ക്

### പേരയം ആയുർവേദ ആശുപത്രിക്ക് കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻനായർ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ പേരയം ഗവൺമെന്റ് ആയുർവേദ ആശുപത്രിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ ഭരണാനുമതി നാളിതുവരെ ലഭ്യമാകാത്തതിന്റെ കാരണം അറിയുമോ ; വിശദമാക്കുമോ ; | (എ) (ബി) (സി) വാമനപുരം നിയോജക മണ്ഡലത്തിലെ പേരയത്ത് എൻ.ആർ.എച്ച്.എം. ന് കീഴിലുള്ള താൽക്കാലിക ആയുർവേദ ഡിസ്പെൻസറിയാണ് പ്രവർത്തിക്കുന്നത്. താൽക്കാലിക ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (ബി) എൻ.ആർ.എച്ച്.എം. ന്റെ കീഴിലുള്ള ആശുപത്രികൾക്ക് ഭൗതിക സാഹചര്യമൊരുക്കുന്നതിന് എ.ഡി.എഫ് ഉപയോഗിക്കാൻ അനുമതി നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ ; | |
| (സി) പേരയം ആയുർവേദ ആശുപത്രിക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി / തിരസ്കരണ ഉത്തരവ് അടിയന്തിരമായി നൽകുമോ ; എങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് അറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ